(സി) ഇവരുടെ ആവശ്യങ്ങൾ അനുകൂലമായി പരിഗണിക്കാനും അംഗീകരിക്കാനും നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി) സ്വർണ്ണതൊഴിലാളികൾ ഉൾപ്പെടെയുള്ള സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവർക്കും മറ്റും ചെറിയ ജോലികളിൽ നിയോഗിക്കപ്പെട്ട വർക്കുമായി ഇപ്പോൾ നിലവിലുള്ള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി പദ്ധതി പരിഷ്ക്കരിച്ച് ക്ഷേമനിധി നിയമമാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്തുന്നതിന് ആവശ്യമായ ബില്ല് നിയമമാക്കുമ്പോൾ ക്ഷേമനിധി ആനുകൂല്യങ്ങൾ, പെൻഷൻ മുതലായവ വിശ്വകർമ്മ തൊഴിലാളികൾക്കും ലഭ്യമാക്കുന്നതാണ്.

240(2334) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

ശ്രീ. എൻ കണ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വണ്ടൂർ നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപയുടെ ധനസഹായം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ആനുകൂല്യം മണ്ഡലത്തിലെ എത്ര പേർക്കാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2,50,500 രൂപ.

(ബി) 176 പേർക്ക്.

241(2347) ശാസ്ത്രസാങ്കേതിക രംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രസാങ്കേതിക രംഗത്തെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള ഗവേഷണ ഫലങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ മേഖലയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി സഞ്ചിതനിധിയിൽ നിന്നല്ലാതെ ഫണ്ട് സ്വരൂപിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിന്റെ മൊത്തം വികസനത്തിനും ജനങ്ങളിൽ ശാസ്ത്ര ബോധം വളർത്തുന്നതിനും, ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നതിനും, ശാസ്ത്രസാങ്കേതിക രംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പു താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികരിക്കുന്നതിനും മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായുള്ള ആശയവിനിമയം കാര്യക്ഷമമാക്കുന്നതിനും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി തിരുവനന്തപുരത്തെ ഇലക്ട്രോണിക്സ് റിസർച്ച് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ സ്റ്റെക്മെന്റ് എന്ന പ്രോജക്ടിനു രൂപം നൽകിയിട്ടുണ്ട്. പണി പൂർത്തിയായ സ്റ്റെക്കിന്റെ പുതിയ ആഫീസിൽ ഒരു ഇലക്ട്രോണിക് ഫെറൽ ലൈബ്രറി സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളും, വികസന വകുപ്പുകളും തമ്മിലുള്ള ആശയവിനിയം കാര്യക്ഷമമാക്കാൻ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. വകുപ്പുധനസഹായം നൽകുന്ന ഗവേഷണ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിനും, ഗവേഷകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകാൻ ഉദ്ദേശിച്ച് വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശാസ്ത്ര വിജ്ഞാന വിനിമയം കൂടുതൽ കാര്യക്ഷമമാക്കാൻ ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും കുട്ടികളുടെ ഓരോ സയൻസ് ക്ലബ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശാസ്ത്രം കൂടുതൽ ജനകീയവൽക്കരിക്കാൻ ഉദ്ദേശിച്ച് രാജ്യത്തെ മികച്ച ശാസ്ത്രജ്ഞരുടെ ഒരു പ്രതിമാസ പ്രഭാഷണപരമ്പര ആരംഭിച്ചിട്ടുണ്ട്. മാനവീയം പരിപാടിയിൽ ഉൾപ്പെടുത്തി ഇത്തരം പ്രഭാഷണങ്ങൾക്ക് വേണ്ട സഹായം ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ജനങ്ങൾക്ക് ഉടനെയും കാലക്രമേണയും ഫലങ്ങൾ പ്രയോജനപ്പെടുത്തുന്ന ഗവേഷണങ്ങളാണ് ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ ചെയ്തുവരുന്നത്. ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ള ഗവേഷണ ഫലങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വർഷവും അതാത് ഗവേഷണ സ്ഥാപനങ്ങളിൽ വച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കൺസൾട്ടേറ്റീവ് മീറ്റിംഗുകൾ നടത്തിവരുന്നു. ഇതുകൂടാതെ മീറ്റിംഗുകളിൽ യൂസർ ഡിപ്പാർട്ടുമെന്റുകൾ മുൻപോട്ട് വയ്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യോജ്യമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഗവേഷണം നടത്തുന്നതിനുമായി മിഷൻമോഡ്പ്രോഗ്രാം, നാചറൽ റിസോർസ് ഡേറ്റാ മാനേജ്മെന്റ് സിസ്റ്റം, എൻവയോൺമെന്റ് ആന്റ് ഇക്കോളജി പ്രോഗ്രാം എന്നീ ഗവേഷണങ്ങളും നടത്തി വരുന്നു.

(സി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

242(2349) ജാതിതിരിച്ചുള്ള തസ്തിക അടിസ്ഥാനത്തിലുള്ള ലിസ്റ്റ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പെർക്കളം അബ്ദുള്ള :

LIBRARY ARCHIVES Kerala Legislative Assembly